# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**


പി.ആർ.ഒ/36/48/2018 2018 മാർച്ച് 5

## പത്രക്കുറിപ്പ്

### എം.ജി. ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ്ങ് ലേണിംഗിൽ സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനം

മഹാത്മാഗാന്ധി സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ്ലോങ് ലേണിംഗ് ആന്റ് എക്സ്റ്റൻഷനിൽ നടത്തുന്ന വിവിധ സർട്ടിഫിക്കറ്റ് കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷിക്കാം. കൗൺസലിംഗ് കോഴ്സിൽ മാർച്ച് 12നും, മാനേജ്മെന്റ് ഓഫ് ലേണിംഗ് ഡിസെബിലിറ്റി കോഴ്സിൽ 13നും, യോഗിക് സയൻസ് കോഴ്സിൽ 14നും ഓർഗാനിക് ഫാമിംഗ് കോഴ്സിൽ 15നും പ്രവേശനം നടത്തും. പ്രവേശനത്തിന് താല്പര്യമുള്ളവർ എസ്.എസ്.എൽ.സി., പ്ലസ്ടു/പ്രീഡിഗ്രി എന്നീ സർട്ടിഫിക്കറ്റുകളുടെ അസ്സൽ, രണ്ടു പകർപ്പുകൾ, രണ്ട് പാസ്പോർട്ട്സൈസ് ഫോട്ടോ, കോഴ്സ് ഫീസ് 3000 രൂപ, അപേക്ഷാ ഫീസ് 100 രൂപ എന്നിവയുമായി ബന്ധപ്പെട്ട ദിവസം സർവ്വകലാശാലാ കാമ്പസിലെ ഡിപ്പാർട്ട്മെന്റിൽ ഹാജരാകണം. ഓർഗാനിക് ഫാമിംഗ് സർട്ടിഫിക്കറ്റ് കോഴ്സ് പ്രവേശനത്തിനുള്ള അപേക്ഷകർ ഏതെങ്കിലും തിരിച്ചറിയൽ കാർഡും രണ്ടു പകർപ്പും അധികമായി സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് ഫോൺ: 0481 – 2731560, 2731724, 9544981839.

### പ്രാക്ടിക്കൽ

രണ്ടാം സെമസ്റ്റർ ബി.എഡ്. സ്പെഷ്യൽ എജ്യൂക്കേഷൻ – ലേണിംഗ് ഡിസെബിലിറ്റി, ഇന്റലെക്ചൽ ഡിസെബിലിറ്റി (2017 – 2019 ബാച്ച്) മാർച്ച് 2018 പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 8 മുതൽ 21 വരെ വിവിധ പരീക്ഷാകേന്ദ്രങ്ങളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

### പരീക്ഷാഫലം

2017 ജൂൺമാസം നടത്തിയ ഒന്നാം സെമസ്റ്റർ എം.എ. ഇംഗ്ലീഷ് (ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് 15 വരെ അപേക്ഷിക്കാം.

2017 ഡിസംബർ മാസത്തിൽ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫിസിക്സ് (സി.എസ്.എസ്.) പരിക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

### വൈകല്യപഠനം: എം.ജി.യിൽ ദ്വിദിന ദേശീയ സെമിനാർ മാർച്ച് 23 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസും, കേന്ദ്രസർക്കാർ സ്ഥാപനമായ കോഴിക്കോട് കോമ്പസിറ്റ് റീജിയണൽ സെന്റർ ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസും സംയുക്തമായി 'ഏർലി ഇന്റർവെൻഷൻ' എന്ന വിഷയത്തിൽ നടത്തുന്ന ദ്വിദിന ദേശീയ സെമിനാർ മാർച്ച് 23ന് ആരംഭിക്കും. വൈകല്യപഠന മേഖലയിലെ വിദഗ്ദ്ധർ, സ്പെഷ്യൽ ടീച്ചർമാർ, ഗവേഷകർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്ക് പങ്കെടുക്കാം. സെമിനാറിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ താല്പര്യമുള്ളവർ മാർച്ച് 15ന് മുമ്പായി iucdsmgu@gmail.com എന്ന ഇ–മെയിൽ വിലാസത്തിൽ അറിയിക്കണം. ആർ.സി.ഐ. അംഗീകാരമുള്ളവർക്ക് സി.ആർ.ഇ. ക്രെഡിറ്റ് പോയിന്റ് ലഭിക്കും. വിദ്യാർത്ഥികൾക്ക് 600 രൂപയും. സി.ആർ.ഇ. ക്രെഡിറ്റ് പോയിന്റ് വേണ്ടവർക്ക് 1200 രൂപയുമാണ് ഫീസ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കാണ് പ്രവേശനം. വിവരങ്ങൾക്ക് ഫോൺ: 0481 – 2731580.

### എം.ജി.യിൽ ത്രിദിന അന്തർദ്ദേശീയ കോൺഫറൻസ് മാർച്ച് 9 മുതൽ

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയുടെ ആഭിമുഖ്യത്തിൽ 'ഇന്റർനാഷണൽ കോൺഫറൻസ് ഓൺ റീയൂസ് ആന്റ് റീസൈക്ലിംഗ്' എന്ന പേരിൽ ത്രിദിന അന്താരാഷ്ട്ര കോൺഫറൻസ് മാർച്ച് 9 മുതൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ നടത്തും. പദാർത്ഥങ്ങളുടെ പുനരുപയോഗത്തെയും,

റീസൈക്ലിംഗിനെയും ആധാരമാക്കി നടത്തുന്ന കോൺഫറൻസ് പ്രശസ്ത ശാസ്ത്രജ്ഞർ പങ്കെടുക്കും. മുഖ്യ പ്രഭാഷണങ്ങൾ, പ്ലീനറി പ്രഭാഷണങ്ങൾ, പോസ്റ്റർ പ്രദർശനങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, അക്കാദമി–വ്യവസായ ചർച്ചകൾ, ഗവേഷകരുമായി സംവാദങ്ങൾ എന്നിവ ഉണ്ടായിരിക്കും. വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് ഫോൺ: 9847820197.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**